**Malayala Manorama**

**20 August 2018**

**Kochi, Meyor, CM’s Flood Relief Fund**



# മാതൃകയായി മേയർ

കൊച്ചി • മകളുടെ വിവാഹത്തിനായി കരുതിയ തുക പ്രളയ ദുരിതാശ്വാസ ഫണ്ടിലേക്കു സംഭാവന ചെയ്യാൻ മേയർ സൗമിനി ജെയിൻ. ഈ മാസം 22-ന് ആണ് മേയറുടെ മകളുടെ വിവാഹം. ടിഡിഎം ഹാളിൽ നടത്താൻ നിശ്ചയിച്ചിരുന്ന വിവാഹത്തിനായി ഏറെപ്പേരെ ക്ഷണിച്ചിരുന്നു. എന്നാൽ പ്രളയ ദുരിതത്തിന്റെ പശ്ചാത്തലത്തിൽ ആഘോഷങ്ങളെല്ലാം ഒഴിവാക്കി വിവാഹം ഉറ്റ ബന്ധുക്കൾ മാത്രം പങ്കെടുക്കുന്ന ചെറിയ ചടങ്ങായി സംഘടിപ്പിക്കുമെന്നു മേയർ അറിയിച്ചു. ക്ഷണിച്ചവരെല്ലാം ഇത് അറിയിപ്പായി എടുക്കണമെന്നും വിരുന്നിനായും മറ്റും കരുതിയിരുന്ന തുക ദുരിതാശ്വാസ നിധിയിലേക്കു നൽകുമെന്നും അറിയിച്ചു.